**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 88** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>സമഗ്ര 2026 പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. വി. ടി. ബൽറാം

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. എ. തുളസി

(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന പിന്നാക്ക വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സമഗ്ര 2026 എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ വിവിധ സർക്കാർ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന വായ്പാ വിതരണ പരിപാടിയാണ് സമഗ്ര 2026. കേരള സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പതിനാറായിരത്തിൽപരം ഗുണഭോക്താക്കൾക്ക് 200 കോടിയിൽപരം രൂപയുടെ വായ്പ വിതരണം ചെയ്യാനാണ് സമഗ്ര 2026 വിഭാവനം ചെയ്തത്. കേരളത്തിലെ പിന്നാക്ക വിഭാഗങ്ങളുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സഹായകരമാവുക എന്ന ലക്ഷ്യത്തോടെ ക്ഷേമ പദ്ധതികൾ, സ്വയം തൊഴിൽ വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ, മൈക്രോക്രെഡിറ്റ് വായ്പകൾ, മറ്റ് ക്ഷേമ പദ്ധതികൾ വനിതാശാക്തീകരണം ലക്ഷ്യമിട്ട് പ്രിയദർശിനി വായ്പ പദ്ധതി, വിരമിച്ച ജീവനക്കാർക്കായുള്ള വായ്പാ പദ്ധതി തുടങ്ങിയവയുടെ വിതരണം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSBCDC Ltd) ഈ പദ്ധതിയിലൂടെ സാക്ഷാത്കരിക്കുന്നു.

ടി വായ്പകളെപ്പറ്റി കേരളത്തിലുടനീളമുള്ളവർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്ക്കരണ പരിപാടികളും വായ്പാ മേളകളും നടത്തിവരുന്നു. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിവിധ സർക്കാർ വകുപ്പുകളുടെ കിയോസ്കുകളും ധനകാര്യ- വിദ്യാഭ്യാസ-വ്യവസായ സേവന സ്ഥാപനങ്ങളെ ഒരേ പ്ലാറ്റ്ഫോമിൽ അണിനിരത്തി ഗുണഭോക്താക്കൾക്ക് അവബോധം സൃഷ്ടിക്കുന്ന ബൃഹത് പരിപാടിയാണ് സമഗ്ര. സമഗ്ര 2026 ഇതിനോടകം രണ്ട് തവണ സംഘടിപ്പിക്കുകയുണ്ടായി. ആദ്യത്തേത് 2026 ജൂലൈ 23-ന് എറണാകുളത്ത് വെച്ചും രണ്ടാമത്തേത് 2026 ഒക്ടോബർ 3-ന് പാലക്കാട് ജില്ലയിലും വിജയകരമായി സംഘടിപ്പിച്ചു.

**(ബി)** പ്രസ്തുത പദ്ധതിയുടെ കീഴിൽ എന്തെല്ലാം ക്ഷേമപദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2026-ാം ആണ്ട് നടപ്പിലാക്കുന്ന വായ്പാ മേളയുടെ പേരാണ് സമഗ്ര. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിലവിലുണ്ടായിരുന്ന സ്വയം തൊഴിൽ വായ്പ, പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ വായ്പ, മൈക്രോ ഫിനാൻസ് വായ്പ, സുവർണശ്രീ വായ്പ, വിവാഹ ധനസഹായ വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, പ്രവർത്തന മൂലധന വായ്പ, വ്യക്തിഗത വായ്പ, വാഹന വായ്പ, സ്വസ്ഥഗൃഹ വായ്പ, ഭവന നിർമാണ വായ്പ, വിദ്യശ്രീ വായ്പ, ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പ, പുനർജനി സ്വയം തൊഴിൽ വായ്പ എന്നിവയ്ക്ക് പുറമെ സംസ്ഥാനത്തിന്റെ സാമ്പത്തിക-വ്യവസായ മേഖലകൾക്ക് കരുത്തുപകരുന്നതിനായി പ്രിയദർശിനി വായ്പാ പദ്ധതി, ജീവൻധാര' സീനിയർ സെക്യൂർ എന്നീ രണ്ട് വായ്പാ പദ്ധതികൾ കൂടി ലക്ഷ്യമാക്കിയിരുന്നു.

**(സി)** സമഗ്ര 2026 പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണ്; ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾക്ക് വായ്പാമേള, വിതരണം, ബോധവത്ക്കരണം തുടങ്ങിയവ ഉൾപ്പെടുന്ന പരിപാടിയാണ് സമഗ്ര. കേരളത്തിലെ പിന്നാക്ക സമുദായങ്ങളിലെയും, മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജെയിൻ, പാഴ്സി എന്നീ അംഗീകൃത മതന്യൂനപക്ഷ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളാണ് കോർപ്പറേഷന്റെ പ്രധാന ഗുണഭോക്താക്കൾ.

**സെക്ഷൻ ഓഫീസർ**